©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ആഗസ്റ്റ് 20<br>20th August 2019<br>1195 ചിങ്ങം 4<br>4th Chingam 1195<br>1941 ശ്രാവണം 29<br>29th Sravana 1941 | നമ്പർ<br>No. | 1898 |

### കേരള സർക്കാർ
### നിയമ (നിയമനിർമ്മാണ-സി) വകുപ്പ്
### വിജ്ഞാപനം

നമ്പർ 22993/ലെഗ്.സി2/2019/നിയമം.

*2019 ആഗസ്റ്റ് 20*
*തിരുവനന്തപുരം, 1195 ചിങ്ങം 4*
*1941 ശ്രാവണം 29.*

2019 ആഗസ്റ്റ് 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2019-ലെ 38-ാം നമ്പർ ഓർഡിനൻസ്**

**2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്**

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ഓർഡിനൻസ്

പീഠിക.—2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2009-ലെ 26) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2009-ലെ 26-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിന് (2009-ലെ 26) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3, 4 എന്നീ വകുപ്പുകളിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പ് (ആർ) ഖണ്ഡത്തിൽ "ക്രയവിക്രയങ്ങളുടെ" എന്ന വാക്കിനു പകരം "വിൽപ്പനയുടെ"എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 5-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "വിറ്റുവരവിന്റെ 0.25%" എന്ന വാക്കിനും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "വിൽപ്പനയുടെ 0.1%" എന്ന വാക്കും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-C) Department

## NOTIFICATION

No. 22993/Leg.C2/2019/Law. *Dated, Thiruvananthapuram, 20th August, 2019*
*4th Chingam, 1195*
*29th Sravana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019 (38 of 2019).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

**ORDINANCE No. 38 OF 2019**

# THE KERALA JEWELLERY WORKERS' WELFARE FUND (AMENDMENT) ORDINANCE, 2019

Promulgated by the Governor of Kerala in the Seventieth Year of the Republic of India.

*AN*

*ORDINANCE*

*to amend the Kerala Jewellery Workers' Welfare Fund Act, 2009.*

*Preamble.*—WHEREAS, it is expedient to amend the Kerala Jewellery Workers' Welfare Fund Act, 2009 (26 of 2009) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Jewellery Workers' Welfare Fund (Amendment) Ordinance, 2019.

(2) It shall come into force at once.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2. *Act 26 of 2009 to be temporarily amended.*—During the period of operation of this Ordinance, the Kerala Jewellery Workers' Welfare Fund Act, 2009 (26 of 2009) (hereinafter referred to as the principal Act) shall have effect subject to the amendments specified in sections 3 and 4.

3. *Amendment of section 2.*—In clause (r) of section 2 of the principal Act, for the words "buying and selling" the word "selling" shall be substituted.

4. *Amendment of section 5.*—In sub-section (1) of section 5 of the principal Act, for the words, figures and symbols "0.25% of his jewellery sale proceeds", the words, figures and symbols "0.1% of his Jewellery sales" shall be substituted.

P. SATHASIVAM,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/